പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1159 — 11.7.2011-ൽ മറുപടിക്ക്

## "പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ നിർവീര്യമാക്കാൻ നടപടി"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ് :<br>ശ്രീ.കോവൂർ കുഞ്ഞുമോൻ: | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) എൻഡോസൾഫാൻ സംസ്ഥാനത്ത് നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) എൻഡോസൾഫാന്റെ ഉപയോഗം സംസ്ഥാനത്ത് നിരോധിച്ചുകൊണ്ട് 31.10.2006-ന് കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. |
| ബി) എങ്കിൽ നിർമ്മാണത്തിന്റെ നിരോധനവും ഉൾപ്പെടുമോ എന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | ബി) ബഹു. സുപ്രീം കോടതിയുടെ 13.5.2011-ലെ ഇടക്കാല ഉത്തരവനുസരിച്ച് എൻഡോസൾഫാന്റെ ഉൽപ്പാദനം നിരോധിച്ചിട്ടുണ്ട്. |
| സി) പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിൽ നിരോധനം നിലവിൽ വരുമ്പോൾ എത്ര അളവ് എൻഡോസൾഫാൻ സൂക്ഷിച്ചിട്ടുണ്ടായിരുന്നു; | സി) നിരോധനം നിലവിൽ വരുമ്പോൾ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിൽ 1942.3 ലിറ്റർ എൻഡോസൾഫാൻ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. |
| ഡി) ഇവ നിർവീര്യമാക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | ഡി) പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചതനുസരിച്ച് ഡി.ആർ.ഡി.ഒ.-യിൽ നിന്ന് വിദഗ്ദ്ധ സംഘം എത്തുകയും സാമ്പിൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ